# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com


11.8.2018

All Kerala Press Release
*Ref: 628/KCBC/K-6/KPR/DS*

## മഴക്കെടുതി – അധികൃതരുടെ നിർദേശങ്ങളോട് സഹകരിച്ചു പ്രവർത്തിക്കണം: കെസിബിസി

കൊച്ചി: മഴക്കെടുതിമൂലവും വിവിധ ഡാമുകളിലെ വെള്ളം തുറന്നുവിടുന്നതു കൊണ്ടും സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്ന പ്രളയസാഹചര്യത്തെ അഭിമുഖീകരിക്കുന്നതിന് അധികൃതരുടെ നിർദേശങ്ങളോടു സഹകരിച്ചു പ്രവർത്തിക്കണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ജീവൻ നഷ്ടപ്പെട്ടവർക്ക് കെസിബിസി ആദരാഞ്ജലികളർപ്പിച്ചു. പ്രിയപ്പെട്ടവരുടെ വേർപാടിൽ വേദനിക്കുകയും വീടും വസ്തുവകകളും നഷ്ടമായതിൽ ദുഃഖിക്കുകയും ചെയ്യുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും അവരുടെ ആശ്വാസത്തിനായി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

കത്തോലിക്കാസഭയുടെ എല്ലാ സ്ഥാപനങ്ങളും ഇടവകകളും വിശ്വാസീസമൂഹവും പ്രാദേശിക ഭരണ സംവിധാനങ്ങളോടും മറ്റു സന്നദ്ധസംഘടനകളോടും ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കണമെന്നും കെസിബിസി നിർദേശിച്ചു. ഓരോ പ്രദേശത്തെയും സാഹചര്യവും ആവശ്യങ്ങളുമനുസരിച്ച് അടിയന്തര വൈദ്യസഹായം ഉൾപ്പെടെയുള്ള സഹായമെത്തിക്കാൻ സഭയുടെ എല്ലാ സംവിധാനങ്ങളും ശ്രദ്ധവയ്ക്കണം.

കെസിബിസിയുടെ സാമൂഹ്യക്ഷേമവിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറം അതാതു പ്രദേശങ്ങളിലെ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും സമർപ്പിത സമൂഹങ്ങളുമായി ചേർന്ന് അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു മുന്നിട്ടിറങ്ങാനും നിർദേശം നല്കി. സഭയുടെ സാമൂഹ്യക്ഷേമവിഭാഗം ആഴ്ചകളായി കുട്ടനാട്ടിലെ പ്രളയ മേഖലയിൽ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമാണ്.

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് അണക്കെട്ടുകളുയർത്തുന്ന സുരക്ഷാ ഭീഷണി നിസ്സാരമായിക്കരുതരുത് എന്നും മുല്ലപ്പെരിയാർ വിഷയത്തിൽ സുപ്രീം കോടതി നല്കിയിട്ടുള്ള മാർഗനിർദേശം പാലിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നും ജനങ്ങളുടെ സുരക്ഷയ്ക്ക് ഒന്നാംസ്ഥാനം നല്കിക്കൊണ്ടുള്ള പുനപരിശോധനകൾക്കു മടിക്കരുതെന്നും യോഗം അഭ്യർത്ഥിച്ചു.

കേരളത്തിന്റെ തീരക്കടലിൽ ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ ഫലപ്രദമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്താനും മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ ജീവന് സംരക്ഷണം ഉറപ്പുവരുത്താനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൂടുതൽ ജാഗ്രത പുലർത്തണം. അപകട


PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

ത്തിൽപ്പെട്ട 9 പേരെ ഇനിയും കണ്ടെത്താനായിട്ടില്ലെന്നത് ഏറെ വേദനാജനകമാണ്. അപകടത്തിൽ മരിച്ച വരുടെയും പരുക്കേറ്റവരുടെയും കാണാതായവരുടെയും കുടുംബാംഗങ്ങളുടെ വേദനയിൽ പങ്കുചേരുന്നു.

ചെറുകിട കർഷകർക്കും കഷ്ടിച്ചു കിടപ്പാടം മാത്രമുള്ള സാധാരണക്കാർക്കും നേരേ, ധനകാര്യസ്ഥാപന ങ്ങൾ സർഫാസി നിയമംപോലെ പ്രതിലോമകരമായ നിയമമാർഗങ്ങളിലൂടെ നടത്തുന്ന അതിക്രമങ്ങൾ അധികൃതരുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. സർഫാസി നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്തു കയോ നിയമംതന്നെ പിൻവലിക്കുകയോ ചെയ്തുകൊണ്ട് രാജ്യത്ത് ദരിദ്രർക്കും സാധാരണക്കാർക്കും അനു കൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ നിയമനിർമാതാക്കളും ജുഡീഷ്യറിയും തയ്യാറാകണം. ഇക്കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ അടിയന്തരശ്രദ്ധ പതിയണമെന്നും യോഗം അഭ്യർത്ഥിച്ചു.

കാലമുയർത്തുന്ന പുതിയ വെല്ലുവിളികളിൽ മാനുഷികമായ എല്ലാ ബലഹീനതകളുടെ മധ്യത്തിലും ദൈവ കൃപയിലാശ്രയിച്ച് മാതൃകാജീവിതം പുലർത്താൻ വൈദികരും സന്ന്യസ്തരും വിശ്വാസികളും ശ്രദ്ധിക്ക ണം. ജീവിതത്തിന്റെ ഏതു സാഹചര്യത്തിലും സ്നേഹത്തിൽ ആഴപ്പെടാനും മറ്റുള്ളവർക്കു നന്മചെയ്യാനും വിശുദ്ധിയിൽ വളരാനും ദൈവത്തിലാശ്രയിച്ച് പരിശ്രമിക്കണം.

വീഴ്ചകളും ഇടർച്ചകളും ഉണ്ടാകാതിരിക്കാൻ വൈദികരും സന്ന്യസ്തരും വിശ്വാസീസമൂഹവും കൂടുതൽ ജാഗ്രത പുലർത്തണം. ദൈവികമായ പ്രത്യാശയിൽ ജീവിതം നയിക്കാൻ കൂടുതൽ ആഴമായ പ്രാർഥനയും വിശ്വാസതീക്ഷ്ണതയും സഭയിലുണ്ടാകണം. അതിവേഗം മാറുന്ന ലോകത്തിന്റെ വെല്ലുവിളികളെ അഭിമു ഖീകരിക്കാൻ ആഴമായ വിശ്വാസവും പ്രാർഥനയും ആവശ്യമാണ്. സഭാംഗങ്ങളുടെ തെറ്റുകളെയും കുറ്റ ങ്ങളെയും ബലഹീനതകളെയും അതർഹിക്കുന്ന ഗൗരവത്തോടുകൂടിത്തന്നെയാണ് സഭ എന്നും കാണു ന്നത്. വിശുദ്ധി എന്ന പ്രക്രിയയിലൂടെ കടന്നുപോകുന്ന ഒരു സമൂഹമാണ് സഭ. സ്വാഭാവികമായി അതിൽ വിശുദ്ധരും ബലഹീനരുമുണ്ടാകും. തെറ്റുകൾ സഭ ഒരിക്കലും മൂടിവയ്ക്കാറില്ല. ഉചിതമായ അന്വേഷണ ങ്ങളും തിരുത്തലുകളും ശിക്ഷണ നടപടികളും ഉണ്ടാകും. സത്യത്തിനും നീതിക്കുംവേണ്ടിയുള്ള ഉത്തര വാദിത്വപ്പെട്ടവരുടെ നിയമാനുസൃതമായ എല്ലാ സംരംഭങ്ങളുമായി സഭ അങ്ങേയറ്റം സഹകരിക്കും.

ഊഹാപോഹങ്ങളുടെയും ഇനിയും തെളിയിക്കപ്പെടാത്ത ആരോപണങ്ങളുടെയും പേരിൽ സഭയുടെ വിശുദ്ധ സങ്കല്പങ്ങളെ അവഹേളിക്കുകയും മതജീവിതത്തിന്റെ പ്രതീകങ്ങളെ വികലമായി ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണതകൾ വർധിച്ചുവരുന്നത് തികച്ചും നിർഭാഗ്യകരമാണ്.

സഭയുടെ സൽപേരിനെ കളങ്കപ്പെടുത്താനും സഭാവിശ്വാസങ്ങളെയും പുരോഹിതരെയും അധിക്ഷേപി ക്കാനും, സമൂഹത്തിൽ തെറ്റിദ്ധാരണയും സ്പർദ്ധയും കലഹവും വളർത്തി നേട്ടങ്ങളുണ്ടാക്കാനും, കേര ളത്തിലെ ചില മാധ്യമങ്ങൾ നടത്തുന്ന വിദ്വേഷ പ്രചാരണ പരിപാടികളിൽ കെസിബിസി അതൃപ്തിയും പ്രതിഷേധവും രേഖപ്പെടുത്തി. ഇത്തരം പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ഭിന്നത വിതയ്ക്കുന്ന മാധ്യമ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരേ നിയമനടപടി ഉൾപ്പെടെ പ്രതിഷേധം ഉയരേണ്ടത് സമൂഹത്തിന്റെ സുസ്ഥിതിക്ക് അനിവാര്യമാണെന്ന് യോഗം വിലയിരുത്തി. പ്രാദേശിക തലത്തിൽ ലീഗൽ സെല്ലുകൾ രൂപീ കരിക്കാനും മാധ്യമ ദുരുപയോഗത്തിനെതിരേ പ്രാദേശിക ജാഗ്രത സമിതികളുമായി സഹകരിച്ച് നിയമന ടപടികളുൾപ്പെടെ പ്രതിഷേധ നടപടികൾ സ്വീകരിക്കാനും ധാരണയായി.

ആഗസ്റ്റ് 7 മുതൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നുവരുന്ന കെസിബിസി വാർഷിക ധ്യാനം 11-ന് രാവിലെ സമാപിച്ചു. സഭയും സമൂഹവുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ കെസിബിസി പ്രത്യേകയോഗം ചർച്ച ചെയ്തു.

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി